Sri. A. J. John: I second it.

The amendment was put and carried.
The question that the title of the Bill, as amended, stand part of the Bill was put and carried.
The title was added to the Bill.

Sri. T. K. Narayana Pillai: I move that the Bill, as amended, be passed.

Sri. A. J. John: I second it.

Sri. A. Thanu Pillai: I raise the same objection. I submit that the necessary changes may be made and the Bill be passed tomorrow.

Sri. T. K. Narayana Pillai: I have no objection, but no vital changes have been made and there is no necessity for consequential amendments.

Sri. P. S. Nataraja Pillai: Sir, I want to know where the amendment to substitute the word 'State' wherever the word 'United State' occurs, will find a place in the Act.

Mr. Speaker: I think the suggestion made by the Hon'ble Member Sri. P. S. Nataraja Pillai that there should be particular section embodying this amendment is not quite correct. If, for instance, the amendment is that a particular clause be deleted, that do not evidently find a place anywhere. Similarly this is only a suggestion that the word 'State' be substituted wherever the words 'United State' occurs in the Act. Anyway we shall look into the matter at the time of the third reading tomorrow.

Sri. A. Thanu Pillai: Sir, I am afraid that is not a clearly acceptable position. When we deal with the Bill clause by clause, if there is an amendment to omit the clause, it goes. It does not find a place in the Act. But if the amendment is to substitute the word 'State' for the words 'United State', that is an amendment which ought to find a place in the Act. Otherwise who is to implement it. This is not a power conferring provision. If you want to make a change when we are dealing with the Bill, let the Minister take time and do it at the Third Reading. After all this is only a formal amendment. Because we do not authorise anybody to deal with the Bill, I am certain that the amendment should find a place in the Act. I am afraid we adopted a similar provision in respect of some other Bill. But then, let us not make a mistake hereafter.

Mr. Speaker: The member says that there must be a section somewhere in the Act to the effect that "In this Act, wherever the words 'United State' occurs, the word 'State' be substituted.

Sri. T. K. Narayana Pillai: Sir, we will postpone further consideration of the Bill for tomorrow

Further consideration of the Bill was accordingly postponed.

The Travancore-Cochin Prisons Bill—(*cont.*)

Sri. T. K. Narayana Pillai: We were at Clause 29 of the Bill.

The question that Clause 29 stand part of the Bill was put and carried.
Clause 29 was added to the Bill.
The question that Clauses 30 to 34 stand part of the Bill was put and carried.
Clauses 30 to 34 were added to the Bill.

Sri. K. P. Nilakanta Pillai: I move that in Clause 35, sub-clause (1) substitute 'eight' or 'nine' in the last line.

Sri. T. K. Narayana Pillai: I accept the amendment.

The motion was adopted.
The question that Clause 35, as amended, stand part of the Bill was put and carried.
Clause 35 was added to the Bill

Sri. A. K. Patchu Pillai: I move that in Clause 36, line 1, after protection' add the following words: 'including facilities for technical training'.

ഈ ബില്ലിലെ നന്മ—ാം വകുപ്പിനെസരിച്ച് വെറും തടവുകാർക്ക് നൽകേണ്ട ജോലി കളെപ്പറ്റിയാണ്എന്റെ ഭേദഗതി. വെറും തടവുകാർക്ക് നൽകുന്ന ജോലികൾക്കു പുറമെ ടെക്നിക്കൽ ആയിട്ട് ഒരു ട്രെയിനിംഗ് കൂടി അവർക്ക് കൊടുക്കണമെന്നുള്ളതാണ് ഭേദഗതിയുടെ ഉദ്ദേശം. ഈ കാര്യം നടപ്പിൽ വരുത്തുന്നതിനു ശ്രമിക്കുന്നതിനു യാതൊരു പ്രയാസവുമില്ലെന്നാണ് എനിക്കു പറയുവാനുള്ളത്. സെൻട്രൽ ജയിൽ ഇതുപോലെ ഏർപ്പാടു വച്ചുനടത്തുന്നുണ്ട്. അതുപോലെ മറ്റു സ്ഥലങ്ങളിൽ കിടക്കുന്ന വെറും തടവുകാർക്കും ഈ ട്രെയിനിംഗ് കൊടുക്കേണ്ടതു് അത്യാവശ്യമായ ഒരു കാര്യമാണ്. ഈ സംഗതി ബഹു: സഭ അനുവദിക്കണമെന്നു് അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. കാരണം, ഇതു് പ്രായോഗികമായുള്ള ഒരു വ്യവസ്ഥയല്ല. ഇപ്പോൾതന്നെ തടവുകാരെ സംബന്ധിച്ചിടത്തോളം ചില വിഷയങ്ങളെപ്പറ്റി സാങ്കേതികമായ പരിജ്ഞാനം കൊടുത്തുവരുന്നുണ്ടു്. എന്നാൽ അതു് ബില്ലിൽ ഒരു നിയമമാക്കുകയാണെങ്കിൽ പ്രായോഗികമായ പല വൈഷമ്യങ്ങളും നേരിടാൻ ഇടയുണ്ടു്. ആ കാരണത്താൽ ഞാൻ ഇതിനെ എതിർക്കുന്നു.

The amendment was put and lost.

The question that Clauses 36 to 46 staad part of the Bill was put and carried.

Clauses 36 to 46 were added to the bill.

Sri. K. P. Nilakanta Pillai: I move the following amendment:

In Clause 47, sub-clause (3), delete the words 'not sentenced to rigorous imprisonment.

Sir, Clause 47 empowers the Superintendent of the Jail to conduct some enquiry about the jail offences committed by the prisoners and give them punishments provided in the sub-clauses. In Sub-clause (3) the Superintendent is empowered to award hard labour for a period not exceeding seven days in the case of convicted prisoners not sentenced to rigorous imprisonment. That is the sub-clause which I propose to be deleted by this amendment because that power should not be given to the Superintendent. I can understand a prisoner who has been sentenced to hard labour being made to work as a punishment for jail offences. But there are prisoners who are in jail under a sentence of simple imprisonment, in whose case I think it is not right for the Jail Superintendent to sentence him to do work as if he is a prisoner sentenced to rigorous imprisonment. There are other sub clauses which enable the Superintendent to give other varieties of punishment for jail offences, for example, sub-clause (8) will enable the Superintendent to give penal diet for jail offences or under sub-clause (9) to give cellular confinement. In these circumstances, when there are provisions which enable the Superintendent to give some lighter punishment in the case of simple imprisonment prisoners, it is not right that when the court which convicted an offender did not give rigorous sentence the Superintendent should be enabled to give that sentence. According to me that is unjust. Therefore, I move that amendment.

ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഈ ഭേദഗതി സ്വീകരിക്കുന്ന പക്ഷം ആ വകുപ്പു് ഈ വിധത്തിൽ വായിക്കുന്നതാണു്,

(3) hard labour, for a period not exceeding seven days, in the case of convicted criminal prisoners.

ഭേദഗതിയിൽ പറയുന്നതുപോലെ not sentenced to rigorous imprisonment എന്നുള്ളതു് എടുത്തു കളയുന്നപക്ഷംsimple imprisonment കാർക്കുംrigorous imprisonment കാർക്കും വീണ്ടും ഹാർഡ്‌ലേബർ കൊടുക്കണമെന്നാണു വരുന്നതു് rigorous imprisonment കാർക്കു് വീണ്ടും ഹാർഡ്‌ലേബർ കൊടുക്കേണ്ടതില്ലെന്നാണു ബില്ലിൽ പറയുന്നതു്. നേരേമറിച്ചു് ശ്രീ. കെ. പി. നീലകണ്ഠപ്പിള്ളയുടെ അമൻഡ്‌മെൻഡപ്രകാരം ഏതായാലും കൊള്ളാം ഹാർഡ്‌ലേബർ കൊടുക്കണമെന്നാണു്.

Sri. K. P. Nilakanta Pillai: If that difficulty will arise, I do not press the amendment.

The amendment was, by leave, withdrawn.

Sri. K. P. Nilakanta Pillai: I move, that.—

In Clause 47, sub-clause (11) including the proviso, be deleted.

This sub-clause provides for whipping. On two grounds I want this sub-clause to be deleted. On humanitarian considerations, whipping is a barborous kind of punishment which as the world has gone so far hereafter we should not follow. On that consideration I am of the opinion that whipping as a punishment should be abolished altogether and should not find a place in this Bill. Secondly, I do not appreciate the principle involved in the proviso. It states that while whipping could be given to male prisoners it should not be given to female prisoners. Is it that, according to the gravity of the offence, male prisoners are more mischievous than female prisoners? If it is not to be given to female prisoners, why should it be given to male prisoners, I ask. The principle is that as a deterrant the punishment is not to be given to female prisoners. But the principle does not seem to be sound in the case of female prisoners. Both males and females are equal. Even the female prisoners may resent this treatment.

LIBRARY ARCHIVES Kerala Legislative Assembly

Suppose there are half a dozen communist prisoners; the females among them may come forward and claim to be treated alike. There should not be partiality. Whipping as a sort of punishment is inhuman, cruel, savage and barbarous. Therefore, that punishment should be given up not only in this law but also in the criminal law when it comes for revision.

Sri. A. Thann Pillai: Sir, I wish to give my support to this amendment. I myself have seen some prisoners being whipped—probably you too have seen. I can understand that whipping is a very effective deterrant in the case of all prisoners and it may be difficult to find an equally effective deterrant in the case of some kinds of prisoners. Still we have to consider seriously whether we have not come to a stage in our existance when corporal punishment of all kinds should be abolished, particularly whipping. Even in the case of a hardened criminal, it is a really very very distressing sight to see a man being tied down and whipped by another human being. To me it appears that there is a good deal of debasement on the part of those who take part in this kind of punishment—the man who does the act of whipping, the officer who gives the order, and the doctor who is present to take immediate action if something untoward suddenly happens as a result of the whipping. So far as all these things are concerned, there is an amount of debasement. And then so far as the suffering is concerned, is it right that this kind of bodily infliction should be resorted to? It may be in Jail—but does it make any difference? The law may provide for whipping in other places. It should go. The time has come when it should go. No doubt, when we give this up there may be some difficulty in the case of some hardened criminals who, when they are told that they wont be subjected to this kind of treatment, may commit offences which probably otherwise they would not. Not that they would not, but they would consider the consequences of the offences. Whatever that be, I think we can very seriously consider whether whipping cannot be abolished. I think that there cannot be any serious difficulty. We abolished hanging for murder. That did not result in any serious consequences so far as that is concerned. Now, if we give up whipping, it is not going to affect very seriously the discipline in jails. Therefore, I give my support to this amendment. I request the Hon'ble Minister to consider whether after all it is not time that we give up this punishment which is an indication of the past; at least we should get rid of it soon.

Sri. A. K. Patchu Pillai: I may be allowed to move the amendments to the other sub-clauses.

Mr. Speaker: Yes.

Sri. A. K. Patchu Pillai: Sir, I move: In clause 47, delete sub-clauses (3), (8), (9), (10) and (11) and renumber the rest.

ഈ അമൻഡമെൻറിൽ ഒടുവിൽ പറഞ്ഞിരിക്കുന്ന ക്ലാസിനെപ്പറ്റി ഞാൻ ആദ്യമായി സംസാരിക്കാം. ഈ ക്ലാസ് പരിശോധിക്കുന്നപക്ഷം ഒരു സംഗതി പ്രത്യേകം കാണാം. അതായതു് വിപ്പിംഗ് അല്ലെങ്കിൽ മുക്കാലിൽ കെട്ടി അടി എന്നു പറയുന്നതു് സാധാരണ ഒന്നാംക്ലാസ് മജിസ്ട്രേട്ടന്മാർ പള്ളി വലിയ കുറക്കാരനാണെന്നു കാണുകയും നന്നാക്കാൻ മറ്റു മാർഗമൊന്നുമില്ലെന്നു കാണുകയും ചെയ്യുമ്പോൾ അവസാനമായി കൊടുക്കുന്നതിനു നിശ്ചയിച്ചിരിക്കുന്ന ഒരു ശിക്ഷയാണു്. അങ്ങനെ ഒന്നാംക്ലാസ് മജിസ്ട്രേട്ട് ശിക്ഷ വിധിക്കാനിരിക്കുന്ന ഒരാളെ തടവിൽ കൊണ്ടുവന്നതിനുശേഷം അയാൾ എന്തോകുറ്റം ചെയ്തു എന്നു ജയിൽ സൂപ്രണ്ടിനു ബോദ്ധ്യം വരുമ്പോൾ അയാളെ ശിക്ഷിക്കുന്നതിനാണു ഈ വകുപ്പ് കൊടുത്തിരിക്കുന്നതു്. അങ്ങനെ ഒരു ശിക്ഷ കൊടുക്കേണ്ടതില്ലെന്നു മജിസ്ട്രേട്ട് കണ്ടു് അതു കൊടുക്കാതിരിക്കുന്ന അവസരത്തിൽ ആ മജിസ്ട്രേട്ടിനേക്കാൾ കൂടുതലായ ഒരധികാരമാണു ഈ ജയിൽ സൂപ്രണ്ടിനു ഈ വകുപ്പ് കൊടുത്തിരിക്കുന്നതായി കാണുന്നതു്. അതു ശരിയല്ല. ഒരു കുറ്റത്തിന്റെ എല്ലാഭാഗങ്ങളേയും പറ്റി വേണ്ട വിധത്തിൽ തെളിവെടുത്തു അതിന്റെ പരിസരങ്ങളെപ്പറ്റി ആലോചിച്ചുശേഷം മജിസ്ട്രേട്ട് കൊടുക്കേണ്ട ഒരു ശിക്ഷ ആ വക യാതൊരു മൻകരുതലും കൂടാതെ ചെയ്യുന്നതിനു ജയിൽ സർവാധികാരിയായിരിക്കുന്ന സൂപ്രണ്ടിനു അധികാരം കൊടുക്കുന്നതു തീർച്ചയായും അപലപനീയമാണു്. രണ്ടാമതായി ഈ ശിക്ഷ വളരെ അപരിഷ്കൃതവും സംസ്കാരശൂന്യവും പ്രാകൃതവുമായ ഒന്നാണു്. നിവൃത്തിയുണ്ടെങ്കിൽ കായക്ലേശം അനുഭവിക്കത്തക്കതായ ശിക്ഷകൾ കൊടുക്കാതിരിക്കുകയെന്നുള്ളതാണു ഇന്നത്തെ ആധുനികലോകം സ്വീകരിച്ചിരിക്കുന്ന ഒരു തത്വം. അതിനു വിപരീതമായി പണ്ടത്തെ മൃഗജീവികളെപ്പോലെ, അഥവാ പ്രകൃതിയിൽ കാണുന്ന ക്ഷുദ്രജീവികളെപ്പോലെ, നഖവും പല്ലും കൊമ്പും ഉപയോ

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. K. Patchu Pillai]

ശിച്ച് നിണമണിഞ്ഞ് രക്തപങ്കിലമായി കാണുന്നതിൽ സംതൃപ്തിയോ സന്തോഷമോ മനുഷ്യനു ഉണ്ടാകുന്നുവെങ്കിൽ അതു അവന്റെ സാന്മാർഗികാധഃപ്പതനത്തിന്റെ ഏറ്റവും പ്രത്യക്ഷമായ ഒരു ലക്ഷണമാണ്. ആ നിലയിൽ നോക്കിയാലും തീർച്ചയായും ഈ വക പ്രാകൃതവും കർക്കശവുമായ ശിക്ഷകൾ നമ്മുടെ നിയമാവലിയിൽ നിന്നു മാച്ചുകളയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സാംസ്കാരികമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നുവെന്നു നാം അഭിമാനിക്കുന്ന ഇക്കാലത്തു് ഒരു മജിസ്ട്രേട്ടിന്റെ അധികാരപരിധിവിട്ട ഒരു എക്സിക്യൂട്ടീവ് ആഫീസർ ആയിരിക്കുന്ന ജയിൽ സൂപ്രണ്ടിനെക്കൊണ്ടു ഈ ശിക്ഷ ചെയ്യിക്കാതിരിക്കുകയാണ് വേണ്ടതു്. ആ സ്ഥിതിക്കു് ഈ ക്ര-ാം സബ്ക്ലാസ് എടുത്തു കളയേണ്ടതു വളരെ അത്യാവശ്യമാണ്.

ഇതോടനുബന്ധിച്ചു ഈ വകുപ്പിൽകാണുന്ന മറ്റുചില ഉപവകുപ്പുകളെപ്പറ്റിക്കൂടി എനിക്കു അല്പംസംസാരിക്കുവാനുണ്ട്. ഞാനയച്ചിട്ടുള്ള ഭേദഗതിയിൽ ന,വ,ന,ക,ക ഈ ഉപവകുപ്പുകൾക്കൂടി ഈ ക്ര-ാം ഉപവകുപ്പിന്റെകൂടെ എടുത്തുകളയണമെന്നാണു പറഞ്ഞിരിക്കുന്നതു്. ന-ാം ഉപവകുപ്പു ഒരു വെറും തടവുകാരനുതന്നെ ഒരാഴ്ചക്കാലത്തേക്കു കഠിനമായ ജോലി നൽകാമെന്നുള്ളതാണ്. ഇതും മുൻപു ഞാൻ പറഞ്ഞ കാരണത്താൽ മാറേണ്ടതാകുന്നു. ഏതെങ്കിലും ഒരു കുറ്റംചെയ്തയാളിനു ഒരാഴ്ചയോ, അല്ലെങ്കിൽ രണ്ടാഴ്ചയോ വെറുംതടവു ശിക്ഷിക്കപ്പെട്ട ജയിലിൽ കിടക്കുന്നകാലത്തു മജിസ്ട്രേട്ടിന്റെ അറിവില്ലാതെയും മറ്റു് ഒരുവിചാരണയൊന്നും കൂടാതെയും ജയിൽ സൂപ്രണ്ടിനു ഇഷ്ടംപോലെ വീണ്ടും ശിക്ഷ നൽകാമെന്നുള്ള വ്യവസ്ഥ ഇന്നത്തെ പരിഷ്കൃതസംപ്രദായത്തിനു യോജിച്ചതല്ല. മാത്രമല്ല, ഒരു മജിസ്ട്രേട്ടിന്റെ വിജ്ഞാനമൊ ശിക്ഷനൽകുന്നതിനുള്ള ലോകപരിചയമൊ ഒരു ജയിൽ സൂപ്രണ്ടിനുണ്ടായിരിക്കുമെന്നു വിചാരിക്കുവാനും നിവൃത്തിയില്ല. അതുകൊണ്ടു ഈ ന-ാം ഉപവകുപ്പു ഒരു കഠിനമായ ശിക്ഷതന്നെയാണ്. അതു മാറേണ്ടതാണ്.

അതുപോലെതന്നെ വ-ാമത്തെ ഉപവകുപ്പും. ഇതിൽ വ്യവസ്ഥചെയ്തിരിക്കുന്നതു ഒരു പുള്ളിക്കു സമയത്തു ആഹാരംകൊടുക്കാതെയൊ, രുചിയുള്ള ആഹാരം കൊടുക്കാതെയൊ അല്ലെങ്കിൽ പോഷകാംശം ചേർത്തുള്ള ആഹാരം കൊടുക്കാതെയൊ കഴിക്കാമെന്നാണ്. ഉപ്പു് കൂടാതെ ചോറും കൊടുത്തും ഉപ്പും ചോറും മാത്രം കൊടുത്തും ശിക്ഷനടത്താവുന്നതാണ്. ഇങ്ങനെ ആഹാരം കൊടുക്കാതിരിക്കുന്നതു് ഒരു ശിക്ഷയായി ഗണിക്കപ്പെടുന്നതിനു ഏറ്റവും അപരിഷ്കൃതമാണെന്നു പറയാതെ തരമില്ല. ഒരു ജയിൽസൂപ്രണ്ടു് അങ്ങനെയൊരു ശിക്ഷ കല്പിച്ചാൽ അതിനപ്പുറത്തു ചോദിക്കുവാൻ പിന്നേയാരുമില്ല. ഈ ശിക്ഷയ്ക്കു വിധേയനായിത്തീരുന്ന ജയിൽപുള്ളി മിക്കവാറും ജീവിതത്തെതന്നെ വെറുക്കുമെന്നുള്ളതു തീർച്ചയാണ്. അത്തരത്തിലുള്ള ഒരു ശിക്ഷാക്രമമാണിതു്. ഏതൊരു ക്രിമിനൽപുള്ളിയുടെയും ദേഹത്തിനാവശ്യമായ പോഷകാംശമുള്ള ആഹാരം കൊടുക്കേണ്ടതു സ്റ്റോററിന്റെ കടമയാണ്. ആ കടമ നിർവഹിക്കാതെ ഒരു പുള്ളിയെ ജയിലിലിട്ടു പൂട്ടി ആഹാരം കൊടുക്കാതിരിക്കണമെന്നു പറയുന്നതു നീതിക്കുചേർന്നതല്ല.

അതുപോലെ ന-ാമത്തെ വകുപ്പും അതികഠിനമായ ഒരു ശിക്ഷാസംപ്രദായമാണ്. സെൻട്രൽജയിലിൽ താമസിക്കുന്ന അളുകൾക്കു കണ്ടുബോധ്യപ്പെടുന്ന ഒരു സംഗതിയാണു ഏകാന്തത്തടവിന്റെ ഭീകരത എത്രമാത്രമാണെന്നുള്ളതു്. ഇതിൽകവിഞ്ഞ ഒരു അപരിഷ്കൃത ശിക്ഷണ സംപ്രദായം ഇനിയുണ്ടോ എന്നു സംശയമാണ്. ഇൻഡ്യൻ ശിക്ഷാസംമ്മീഷൻതന്നെ വളരെ മനസില്ലാമനസോടെയാണു ഈ ശിക്ഷണസംപ്രദായം അംഗീകരിച്ചതു്. മറ്റു ശിക്ഷകൾ നൽകി യാതൊരുഫലവും ഉണ്ടാകുന്നില്ലെന്നു കണ്ടതിനുശേഷം ഒരു പരീക്ഷണം എന്നനിലയിൽ വളരെ അപൂർവ്വമായ അവസരങ്ങളിൽ, എന്തിനാണു ഞാൻ ഇങ്ങനെ ഏകാന്തത്തടവിൽ കിടക്കുന്നതു എന്നു ഒരു ക്രിമിനൽപുള്ളിക്കു തോന്നിനന്നാകുന്നതിനുള്ള അവസരം ഉണ്ടാകുന്നെങ്കിൽ ഉണ്ടായിക്കൊള്ളട്ടെ എന്നുവിചാരത്തോടുകൂടിയാണു, ആ കമ്മീഷൻ ഈ ശിക്ഷാസംപ്രദായത്തെക്കുടി അംഗീകരിച്ചിട്ടുള്ളതു്. അതു കഴിഞ്ഞു വർഷങ്ങൾ പലതുകഴിഞ്ഞു. മനഃശാസ്ത്രസംബന്ധമായി ലോകം വളരെ വളരെ പുരോഗമിച്ചുകഴിഞ്ഞു. ശിക്ഷാസംപ്രദായത്തിന്റെ രീതിയും അനുഭവം കൊണ്ടുള്ള പാഠങ്ങളും അന്നത്തേതിൽനിന്നു ഇന്നു വളരെവളരെ വ്യത്യാസപ്പെട്ടുകഴിഞ്ഞു. എന്നിട്ടും ഇ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴും ഇങ്ങനെയൊരു വകുപ്പു ഈ നിയമാവലിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു് വളരെ കഷ്ടമായിപ്പോയി എന്നേ എനിക്കു പറയുവാനുള്ളു.

മറ്റൊന്നു 24 0–ാമത്തെ വകുപ്പാണു്. ഇരുട്ടറയിൽ അടച്ചിടുകയും അതേസമയം ആഹാരം നിഷേധിക്കുകയും, അല്ലെങ്കിൽ ശരിയായ ആഹാരം കൊടുക്കാതിരിക്കുകയും ചെയ്യുക. ഇങ്ങനെ രണ്ടുശിക്ഷയുംകൂടി ഒരേസമയം നൽകുന്നതു ആ ആളെ വാസ്തവത്തിൽ കൊന്നില്ലെങ്കിലുമെന്നെയും തേജോവധംചെയ്യുകയാണുചെയ്യുന്നതു്. അതുകൊണ്ടു ഈ ഉപവകുപ്പുകളെല്ലാം മാറേണ്ടതാണു്. ഈ പറഞ്ഞ എല്ലാകാര്യങ്ങളെപ്പറ്റിയും ഒരു പുനർവിചിന്തനം എന്റെ ഭേദഗതിയുംകൂടി സ്വീകരിക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

Sri. P. Balakrishnan Thampi: Sir, I oppose the amendment. In doing so, I would like to say that I have read the literature about the coarseness of administering corporal punishment to criminals in public. Dickens and Victor Hugo have written inunforgettable words about the coarseness of administering corporal punishment to criminals and in meeting out criminal justice. But as legislators framing rules for the administration of jails and dealing with convicts, we have to be less sentimental. We have to face realities. What is the punishment which will be most effective in checking a convict from committing further acts of.....

Sri. A. Thanu Pillai: May I know from the Hon'ble Member whether the literature he has read is ancient or modern literature?

Sri. Balakrishnan Thampi: Very ancient literature and ancient people have been very much influenced by ancient literature. That is my first point. The second point is that people who have read ancient literature have been themselves pathetically influenced by the ancient literature we must remember the old age and modify it and not forget it—that you should not spare the rod and spoil the child.

Now, Sir, I have also read, as some Hon'ble Members of this House, some pages regarding psychological analysis of the criminal character. The Criminal is often the victim of certain social forces for which he is not responsible. But scientific ideas, psychological opinions and psycho-analytical approach to the subject would not deter the convicts from committing criminal acts. There should be something more deterent than that. I can visualise a moral society with an over-plentiful of scientists, psycho-analits and psychologists tackling the problem of criminals. But in a State like this, over-crowded like this, with limited resources from the point of view of money and technical personnel, we would have to follow the old principles of prison administration. We have read some books regarding this by Dalton, "The Public Jail in England". There also we find corporal punishment being inflicted in extreme cases on the convicts. Therefore, you will find that against the hard nature of the convict, there is no escape. Is it enough we administer a mild rebuff to the prisoner. Supposing a Superintendent of a Jail writes like this—"The Superintendent regrets to find that convicts No. and so..... in his impression has not had what one would call good breeding". Is it going to improve the prisoner guilty of sex offences or other serious offences involving moral turpitude. Corporal punishment is the only thing which would deter him from repeating the offence he has once committed. You find there have been suggestions from people who have made a study of criminology that it was not the height of wisdom that they stopped flogging. Now, there are certain provisions allowing public flogging. It has fallen into disuse. But criminologists argue that due regard being had to the number of offences against sex and other things the more reasonable view is that there should be a reimposition of flogging.

Flogging in the public has absolute effect. Suppose a pick-pocket is ceremoneously brought into the market square and half a dozen stripes administered to him; during the rest of his life, he is not going to venture to pick-pocketing at any rate within 5 or 10 miles of that place. It has its effect.

But these people sentimentally stood in the way of even flogging a criminal. Now, the modern society wholly allows many more cruelties; but they go into tears when they think of flogging a criminal. I have once said in this House, there is a character in Stern's Sentimental Journal—a man who allows his parents to die of starvation at home, but at the same time melts into tears at the sight of a dead donkey in the street. That has been the attitude of modern society.

Therefore, I repeatedly say that I feel no compunction of conscience in stating, and I feel no criminal dereliction of any honest and law-abiding man when I say that that flogging has to

LIBRARY ARCHIVES Kerala Legislative Assembly

[Sri. P. Balakrishnan Thampi]

be resorted to in extreme cases, so that jail administration may be made possible in an efficient manner.

With these words, I oppose the amendment so ably moved by Mr. K. P. Nilakanta Pillai and so sentimentally supported by my respectable friend Mr. Thanu Pillai, and the divine of the back benches Mr. Patchu Pillai.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, ജയിലിലേക്കു ശിക്ഷിച്ചു അയയ്ക്കപ്പെട്ടനാവർ അവിടെ ചെയ്യുന്ന ചില്ലറ കുറ്റങ്ങൾക്കു എതുതരം ശിക്ഷയാണു കൊടുക്കേണ്ടതു, അതിനുള്ള അധികാരം ആക്കാണു ഈ മാതിരി കാര്യങ്ങളാണു ഈ വകുപ്പിൽ വ്യവസ്ഥചെയ്യിരിക്കുന്നതു. തടവുകാർ ചെയ്യുന്ന ഏതുതരം കുറ്റങ്ങൾക്കാണു ഇത്ര ഭയങ്കരങ്ങളായ ശിക്ഷകൾ നൽകണമെന്നു തീരുമാനിച്ചിരിക്കുന്നതെന്നതു ഈ വകുപ്പുകൾ വായിച്ചുനോക്കിയാൽ മനസ്സിലാക്കാവുന്നതാണു. ശ്രീമാൻ ബാലകൃഷ്ണൻതമ്പി പറഞ്ഞതുപോലെ സെക്ഷൻ മഫൻസസു നടത്തുന്നവർക്കും മറ്റും അല്ലാ ഇത്തരം ശിക്ഷകൾ നൽകണമെന്നു വകുപ്പിൽ ആവശ്യപ്പെട്ടിരിക്കുന്നതു. അദ്ദേഹം ഈ വകുപ്പുകൾ ശരിയായി വായിച്ചുനോക്കാതെ എന്തൊക്കെയോ ഇവിടെ പറയുകമാത്രമായിരുന്നു. അവ വായിച്ചുനോക്കുവാനുള്ള ക്ഷമ അദ്ദേഹത്തിനില്ലായിരുന്നു. മുമ്പു ഇന്നയിന്ന കുറ്റങ്ങൾ ചെയ്തതിനുവേണ്ടി ശിക്ഷിക്കപ്പെട്ടിട്ടുള്ളവർ ജയിലിൽ ഇന്നയിന്ന കുറ്റങ്ങൾ ചെയ്താൽ അവക്കു ഇന്നയിന്ന ശിക്ഷ കൊടുക്കണമെന്നാണു ഇതിൽ വിവരിച്ചിരിക്കുന്നതു. ഇതിൽ പറഞ്ഞിരിക്കുന്ന കുറ്റങ്ങളെ സംബന്ധിച്ചു നോക്കുന്നതായാൽ "conspiring to escape" എന്നുള്ളതൊഴിച്ചാൽ പറയത്തക്ക വലിയ കുറ്റങ്ങൾ ഒന്നുംതന്നെയില്ലെന്നു കാണാവുന്നതാണു. ജയിൽ ചാടിപ്പോകാൻ ശ്രമിക്കുന്നതു ഒരു വലിയ കുറ്റംതന്നെയാണെന്നു കാണാം. മറ്റുള്ള കുറ്റങ്ങളെല്ലാംതന്നെ സാധാരണയായി ജയിലുകളിൽ കുറെനാൾ കിടക്കുമ്പോൾ സാധാരണ മനുഷ്യരിൽ പൊതുവെ ഉണ്ടായി കാണാവുന്ന ഒരുതരം മാനസികരോഗത്തിൽനിന്നു ഉൽഭവത്തങ്ങളാവുന്നവ മാത്രമാണു. സാധാരണയായി വലിയ ക്രിമിനൽസു ചെയ്യുന്ന കുറ്റങ്ങളെല്ലാ അവയൊന്നും. യാതൊരു കുറ്റവും ചെയ്യാത്ത ഒരാളെ ശിക്ഷിച്ചു ജയിലിൽ അടച്ചിട്ടു, യാതൊരു വിദ്യാഭ്യാസവും സംസ്കാരവുമില്ലാത്തവരുമായി അടുത്തു ഇടപെട്ടു കഴിയേണ്ട ഒരു പരിതസ്ഥിതിയിൽ എത്തിച്ചേർന്നാൽ, വാർഡന്മാരുടെ അസഹനീയങ്ങളായ ചീത്തവാക്കുകൾ കേട്ടു സഹിക്കേണ്ട ഒരു സ്ഥിതിയിലെത്തിച്ചാൽ, ആ മനുഷ്യനിൽ ഉണ്ടാകുന്ന സ്വഭാവമാറ്റംകൊണ്ടു ചെയ്യപ്പെടുന്ന കുറ്റങ്ങൾമാത്രമാണു ബാക്കിയുള്ളവ. എട്ടുമണിവരെ വീട്ടിൽ കിടന്നു ഉറങ്ങി ശീലിച്ചിട്ടുള്ളവർ ചിലപ്പോൾ കാലത്തെ എഴുന്നേല്ക്കുവാൻ വിസമ്മതിച്ചേക്കാം. അതുപോലെതന്നെ ജോലി ചെയ്യാൻ പരിചയമില്ലാത്തവരോടു അവക്കു പരിചയമില്ലാത്ത ജോലി ചെയ്യുവാൻ ആവശ്യപ്പെടുമ്പോൾ അവർ അതു ചെയ്യുവാൻ നിവൃത്തിയില്ലാതെ വന്നേക്കാം. ഈ മാതിരി കാര്യങ്ങൾ വലുതായ കുറ്റങ്ങളായി സാധാരണമായി ഉദ്യോഗസ്ഥന്മാർ ചൂണ്ടികാണിക്കുന്നതു അവരുടെ ഒരു പതിവാണു. അതുപോലെതന്നെ അന്യരുടെ ചീത്ത കേട്ടു പരിചയമില്ലാത്തവർ അതു കേൾക്കുമ്പോൾ ചീത്ത പറയുന്നവരെ എതുത്തുവെന്നു വരാം. അതു ഈ വകുപ്പനുസരിച്ചു കുറ്റകരമാണു. ഇതിലെല്ലാം വിശേഷമായിട്ടുള്ളതു ഈ മാതിരി കുറ്റകൃത്യങ്ങൾ ചെയ്യുമ്പോൾ ശിക്ഷ വിധിക്കുന്നതു ജയിൽ സൂപ്രണ്ടാണു. തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തെ നടപ്പു പരിശോധിക്കുന്നപക്ഷം പോലീസുദ്യോഗസ്ഥന്മാർക്കു ട്രെയിനിങ്ങുമെണ്ടിൽ അധികം വരുന്നതും അവിടെ വേണ്ടാത്തതുമായ ഉദ്യോഗസ്ഥന്മാരെയാണു ജയിൽ സൂപ്രണ്ടന്മാരായി അയയ്ക്കപ്പെടുന്നതു. പോലീസുകാരുടെ കൈയ്യിൽനിന്നും വല്ല വിധത്തിലും രക്ഷപ്പെട്ടു ഒരു വിധത്തിൽ ജയിലിൽ എത്തുമ്പോൾ അവിടെയും അവർ പഴയ പോലീസുദ്യോഗസ്ഥന്മാരെയാണു കാണേണ്ടിവരുന്നതു എന്ന വസ്തുത അസഹനീയമാണു. മോഷണകേസു പിടിച്ചു ചാർജ്ജു ചെയ്തു, അതിന്മേൽ മജിസ്ട്രേട്ടു ഒരാൾക്കു വെറുംതടവു ശിക്ഷ വിധിച്ചാൽ, ഈ പോലീസു ഉദ്യോഗസ്ഥനു ആ പ്രതിക്കു കഠിനതടവുശിക്ഷ നല്കേണ്ടിയിരുന്നു എന്നു തോന്നിയിട്ടുണ്ടായിരുന്നാൽ, വെറുംതടവുശിക്ഷ അനുഭവിച്ചുകൊണ്ടു കിടക്കുന്ന ആ ആളെ ഒരാഴ്ചത്തേക്കെങ്കിലും കഠിനതടവു അനുഭവിപ്പിക്കുവാൻ ഈ സെക്ഷൻമൂലം ശ്രമിച്ചുവെന്നു വരാം.

മറ്റുള്ള ശിക്ഷകളെക്കാൾ വളരെ പ്രധാനമായി എനിക്കു പറയുവാനുള്ളതു വിപ്പിഗിനെപ്പറ്റിയാണു. സെല്ലുലർ കൺഫൈൻമെൻറിനെപ്പറ്റിയും മറ്റും ഞാൻ അധികമൊന്നും പറയണമെന്നു വിചാരിക്കുന്നില്ല. ശ്രീമാൻ ബാലകൃഷ്ണൻതമ്പി പറയുന്നതു

LIBRARY ARCHIVES Kerala Legislative Assembly

"The punishment which is most effective in checking a convict from committing further offences, is whipping". എന്നാണ്. എന്നാൽ എനിക്ക പറയുവാനുള്ളത് മുക്കാലി അടി ഒരവസരത്തിലും ഫലപ്രദമായിട്ടില്ലെന്നാണ്. എന്റെ ബഹുമാനപ്പെട്ട നേതാവ് ശ്രീമാൻ പട്ടം താണുപിള്ള അവർകളും പറയുകയുണ്ടായി ചില സംഗതികളിൽ വിപ്പിംഗ് ഇഫക്ടീവായിരിക്കുമെന്ന്. അദ്ദേഹത്തിനു ഈ മാതിരി അടി കൊണ്ടിട്ടുള്ളവരെ അടുത്തു പരിചയമില്ലാത്തതിനാലാണ് അദ്ദേഹം അവിധം പ്രസ്താവിച്ചത്. എനിക്കാണെങ്കിൽ അങ്ങനെയുള്ളവരെ നേരിട്ടു പരിചയമുണ്ട്. ഒരു പ്രാവശ്യം ഈ മാതിരി ശിക്ഷകൾ അനുഭവിച്ചാൽ അവർ പിന്നീട് അത്തരം ശിക്ഷ വീണ്ടും അനുഭവിക്കുന്നതിൽ തീരെ കൂട്ടാക്കാറില്ലെന്നുള്ളതാണ് വാസ്തവം. വേണമെങ്കിൽ ഗവണ്മെണ്ടു് അത്തരക്കാരിൽ ആരോടെങ്കിലും അനേഷിച്ചുനോക്കട്ടെ. ഒരു പ്രാവശ്യം പോലീസുകാരുടെ കൈയ്യിൽപ്പെട്ടുകഴിഞ്ഞാൽ പിന്നെ ഭയം കാണുകയില്ല. ജയിലിനകത്തുള്ള മാലീസ് ഒരു പ്രാവശ്യം അനുഭവിച്ചുകഴിഞ്ഞാൽ അതു രണ്ടു പുച്ചയെക്കൊണ്ട് ശരിപ്പെടുത്താമെന്ന അവനറിയാം. അതുപോലെതന്നെ വിപ്പിംഗ് ഭയങ്കരമായി തോന്നുന്നതു് അതു കണ്ടുകൊണ്ടു നില്ക്കുന്നവക്കാണ്. അതു കാണുന്നതുകൊണ്ടുണ്ടാകുന്ന "ഷാക്ക"കൊണ്ടും അതനുഭവിക്കേണ്ടിവരുന്നവരിൽ ഭയന്നവരും മരിക്കുമെന്നല്ലാതെ വിപ്പിംഗുകൊണ്ട് ആരും നന്നാകാറില്ല. വിപ്പിംഗിൽ ഏതെങ്കിലും ശാസ്ത്രീയമായ തത്ത്വങ്ങൾ അടങ്ങിയിട്ടുണ്ടെങ്കിൽ അതു ചുണ്ടിക്കാണിച്ചാൽ സമ്മതിക്കാം ഈ മാതിരി ശിക്ഷകൾ ആളുകൾക്കു കൊടുക്കുന്നതിന്റെ ഫലം അവർ കൂടുതൽ ക്രിമിനലുകളായിത്തീരുകയെന്നുള്ളതാണ്. അതുകൊണ്ട് എനിക്കു ഗവണ്മെണ്ടിനോട് ഉൽബോധിപ്പിക്കുവാനുള്ളതു് നാം ഇതു സംബന്ധിച്ചു് ഒരു നിയമം പാസ്സാക്കുന്ന ഈ അവസരത്തിൽ ഇൻഡ്യൻ പ്രവിശ്യകളിലെ ജയിൽഭരണം ഇതുപോലെയാണെന്നു പറയാതെ നമ്മുടെ ജയിലെങ്കിലും ഒരു മാതൃകാജയിലാക്കിത്തീർക്കണമെന്നാണ്. ഇംഗ്ലണ്ടിലെ ജയിലിൽ ഇതുപോലെയാണെങ്കിലും അമേരിക്കയിലെ ജയിലുകൾ ഒരു പ്രത്യേകതരത്തിലുള്ളവയാണെന്നു് ഞാൻ വായിച്ചുമനസ്സിലാക്കിയിട്ടുണ്ട്. ആമാതിരി വ്യവസ്ഥകൾ ഇവിടെയും നടപ്പിലാക്കുവാൻവേണ്ടി ഒരു കമ്മിറ്റിയെ നിയമിച്ചു, അതിന്റെ റിപ്പോർട്ടു വരുത്തി, അതിന്റെ അടിസ്ഥാനത്തിൽ ഈ ബിൽ പരിപൂർണ്ണമായി മാറ്റി മറ്റൊരു പുതിയ ബിൽ അവതരിപ്പിക്കണമെന്നാണ് എന്റെ അഭിപ്രായം. വിപ്പിംഗു് നടത്തിയതുകൊണ്ടു് ജയിലിൽ പോയിട്ടുള്ളവർ വീണ്ടും വരാതെയിരിക്കുകയില്ല. രണ്ടുപ്രാവശ്യം വിപ്പിംഗു് അനുഭവിച്ച ഒരാൾ, ജയിലിനകത്തു് ഒരു കൊലക്കേസു് നടത്തിയതായി എനിക്കറിയാം. ഒരു സ്ഥലത്തും വിപ്പിംഗുകൊണ്ടു് ആരും നന്നായിട്ടില്ലെന്നാണ് എനിക്കു പറയുവാനുള്ളതു്. ഒരുവനെ ചന്തയിൽവെച്ചു് അടിക്കുന്നതുകൊണ്ടു് അവൻ നന്നാവുകയില്ല. ഒരുപക്ഷെ ആശിക്ഷ പൊതുജനങ്ങളുടെ ഇടയിൽ ഒരു ഭയം ജനിപ്പിക്കാൻ ഉപകരിച്ചേക്കാം. അതേയുള്ളു. ജയിലിൽ കിടക്കുന്നവരെ അടിക്കുന്നതുകൊണ്ടു് പൊതുജനങ്ങളിൽ ഒരു ഭീതിയുണ്ടാകുന്നതിനും ഉപകരിക്കുന്നില്ലാ. ജയിലിൽ കിടക്കുന്നവരെ നന്നാക്കുവാനാണെന്നും ഞാൻ വിശ്വസിക്കുന്നില്ല. ആ സ്ഥിതിക്കു് വിപ്പിംഗു് നല്ലതു് വ്യവസ്ഥ എടുത്തു കളയണം. അതിനു പകരം സോളിറ്ററി കൺഫൈൻമെൻറ് കൂട്ടുന്നതിൽ എനിക്കു വിരോധമില്ല.

ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. രണ്ടു ഭേദഗതികളാണ് സഭയുടെ ശ്രദ്ധയ്ക്കു വിശ്വസിച്ചിട്ടുള്ളതു്. ശ്രീമാൻ കെ. പി. നീലകണ്ഠപിള്ള, അദ്ദേഹത്തിന്റെ ഭേദഗതിമൂലം ആവശ്യപ്പെട്ടതു് വിപ്പിംഗു് തീരെ നിർത്തൽ ചെയ്യണമെന്നാണ്. ശ്രീമാൻ എ. കെ. പാച്ചുപിള്ളയുടെ ഭേദഗതികൊണ്ടു് അദ്ദേഹം ഉദ്ദേശിക്കുന്നതു് ഈ ക്ലാസിലുള്ള മൂന്ന്, എട്ട്, പതിനൊന്നു്, ഈ വകുപ്പുകൾ എടുത്തു കളയണമെന്നാണ്. അതായതു് 'ഹാർഡ് ലേബർ' എന്നുള്ളതു് എടുത്തുകളയുക, പീനൽ ഡയറ്റ് എന്നുള്ളതു് എടുത്തു കളയുക, സെല്ലുലർ കൺഫൈൻമെൻറ എടുത്തു കളയുക എന്നുള്ളതാണ് അദ്ദേഹത്തിന്റെ ഭേദഗതി. പ്രാകൃതങ്ങളും കർശനങ്ങളുമായ ശിക്ഷാക്രമങ്ങൾ എടുത്തുകളഞ്ഞിട്ടു് ലോകസമക്ഷം നാം സംസ്കാരസമ്പന്നന്മാരായിരിക്കുന്നുവെന്നു് പ്രഖ്യാപനം ചെയ്യുവാനുള്ള കാലം അതിക്രമിച്ചിരിക്കുന്നുവെന്നു ശ്രീമാൻ പാച്ചുപിള്ള അവർകളും പറയുകയുണ്ടായി. അതിനു സമാധാനമായി എനിക്കു പറയുവാനുള്ളതു് പരിഷ്കൃതഗവണ്മെണ്ടുകളെന്നു പരിഷ്കൃതലോകം സമ്മതിച്ചിട്ടുള്ള പല രാജ്യങ്ങളിലും ഈ മാതിരി പ്രാകൃതങ്ങളും കർക്കശങ്ങളുമായ ശിക്ഷാക്രമങ്ങൾ ഇന്നും നിലവിലുണ്ടെന്നാണ്, ഇംഗ്ലണ്ടിൽ ജയിലുകളെ സംബന്ധിച്ചു് വേണ്ട പരിഷ്കാരങ്ങൾ വരുത്തുന്നതി

LIBRARY ARCHIVES Kerala Legislative Assembly

[Sri. T. K. Narayana Pillai]

നായി ഒരു കമ്മിറ്റി രൂപവല്ക്കരിക്കുകയുണ്ടായി. ആ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അവിടത്തെ ജയിൽ ശിക്ഷകളുടെ ക്രമത്തിൽ പല വ്യത്യാസങ്ങളും വരുത്തിയിട്ടുണ്ട്. ആ വ്യവസ്ഥകളും നടപ്പിൽവരുത്തിയതിന്റെ ശേഷവും Corporal punishment ഇന്നും അവിടത്തെ ജയിലുകളിൽ നിലവിലുണ്ട്. അതിനു മതിയായ കാരണങ്ങളുണ്ടെന്നു ആ കമ്മിറ്റി ചൂണ്ടിക്കാണിച്ചിട്ടുമുണ്ട്. അമേരിക്കയിൽ ചിലേടത്തു് അങ്ങനെയല്ലെന്നു ഞാനും സമ്മതിക്കുന്നു. ഇൻഡ്യൻ പീനൽകോഡിലേയും ഇന്നു ഇവിടെ നിലവിലിരിക്കുന്ന പീനൽകോഡിലേയും വ്യവസ്ഥകളും പരിശോധിക്കുന്നപക്ഷം വിപ്പിംഗു നടത്തുന്നതിനു സ്ഥാനമുണ്ടെന്നു നമുക്കു മനസ്സിലാക്കുവാൻ സാധിക്കും. സമീപകാലത്തു്, പ്രത്യേകിച്ചു് ബങ്കാളിൽ, സ്ട്രൈക്കു മാക്കറിംഗു് നടത്തുന്ന ആളുകളെ സംബന്ധിച്ചിടത്തോളം വിപ്പിംഗു് നടത്തുന്നതാണെന്നു അനുശാസിക്കുന്ന ഒരു നിയമം നടപ്പിൽവരുത്തിയിട്ടുണ്ടെന്നു നമുക്കു മനസ്സിലാക്കാവുന്നതാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള: അതെല്ലാം ഒരു മജിസ്ട്രേട്ടു് വിചാരിച്ചു് കുറക്കാരാണെന്നു കാണുന്നവക്കു നല്കുന്ന ശിക്ഷയല്ലേ? അല്ലാതെ ഒരു എക്സിക്യൂട്ടീവു് ഓർഡർ അനുസരിച്ചു് ജയിൽ സൂപ്രണ്ടു് നല്കുന്ന ശിക്ഷയല്ലല്ലോ.

ശ്രീ. ടി. കെ. നാരായണപിള്ള: രണ്ടുംതമ്മിൽ തത്വത്തിൽ ഒരു വ്യത്യാസവും ഞാൻ കാണുന്നില്ല. ഇവിടെ ഒരു സൂപ്രണ്ടിന്റെ കീഴിൽ ചിലപ്പോൾ പത്തെണ്ണൂറു് തടവുകാർ ഉണ്ടായിരിക്കും. അവരുടെ ഇടയിൽ അച്ചടക്കം പാലിക്കുന്നതിനും യാതൊരു ക്രമക്കേടുകളും ഉണ്ടാകാതെ സൂക്ഷിക്കുന്നതിനുമുള്ള പരിപൂർണ്ണമായ ചുമതല ആ സൂപ്രണ്ടിലാണു് നിക്ഷിപ്തമായിരിക്കുന്നതു്. ഈ മാതിരിയുള്ള ശിക്ഷകളും ഉണ്ടായിട്ടുപോലും പല അക്രമങ്ങളും ഇന്നും ജയിലിൽ നിലവിലുണ്ടെന്നും നടന്നുവരുന്നുണ്ടെന്നും ഉള്ള സംഗതി ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾക്കുതന്നെ അറിവുള്ളതാണു്. ഇവിടത്തെ പീനൽകോഡിൽ ഈ വ്യവസ്ഥ ഇന്നു നിലവിലുണ്ടു്. ചിൽഡ്രൻസ് ആക്ടിലും ഇങ്ങനെ ഒരു വ്യവസ്ഥ ഉള്ളതായി കാണാവുന്നതാണു്. റഫർമേറ്ററി സ്കൂളിനെ സംബന്ധിച്ചുള്ള നിയമം പരിശോധിച്ചാലും കാണാം ചില പ്രത്യേകകാരണങ്ങളാൽ ഈ മാതിരി കോർപ്പറൽ പണിഷ്മെന്റു് കൊടുക്കണമെന്നു അനുശാസിക്കുന്നതായിട്ടു്.

ആ സ്ഥിതിക്കു് ആ നിയമങ്ങളിൽ വ്യത്യാസം വരുത്തുന്നതിനു മുമ്പായി ജയിലുകളെ സംബന്ധിച്ചു ഈ നിയമത്തിൽ മാത്രം അങ്ങനെ വ്യത്യാസം വരുത്തുന്നതു ശരിയായിരിക്കുകയില്ല. ഗുരുതരമായ കുറ്റങ്ങളും ചെയ്യുന്നവരെ മാത്രമെ വിപ്പിംഗു് ചെയ്യാൻ വ്യവസ്ഥ ചെയ്തിട്ടുള്ളു എന്നു ബഹുമാനപ്പെട്ട അംഗങ്ങൾക്കും അറിയാവുന്നതാണു്. ശ്രീ. പൊന്നാറ ശ്രീധർ അവർകളും പറയുകയുണ്ടായി ര ന്നാംവകുപ്പിൽ വിവരിച്ചിട്ടുള്ള കുറ്റങ്ങളും അതു ഗുരുതരങ്ങളും അല്ലെന്നു്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഇതിലെ പതിനാറാം ഉപവകുപ്പിൽ പറയുന്നതായ കുറ്റങ്ങൾമാത്രമേ ഗുരുതരങ്ങളായുള്ളു എന്നും പറയുകയുണ്ടായി. അതു വാദത്തിനുവേണ്ടി സമ്മതിക്കാൻ ഞാനും തയാറാണു്. ഈ ര ണ്ടാം വകുപ്പിൽ ഏതെല്ലാം കുറ്റങ്ങൾക്കാണു വിപ്പിംഗു് ശിക്ഷ നൽകേണ്ടതെന്നു പ്രത്യേകം അനുശാസിച്ചിട്ടില്ല. അതിനുള്ള അധികാരം ജയിൽപ്പുള്ളികളുമായി നിത്യസമ്പർക്കത്തിലേപ്പെട്ടുകൊണ്ടിരിക്കുന്ന ജയിൽസൂപ്രണ്ടിനുണ്ടായിരിക്കുമെന്നു മാത്രമാണു് ഈ വകുപ്പിൽ പറയുന്നതു്. വിപ്പിംഗു് ശിക്ഷ നിയമത്തിലുണ്ടെങ്കിലും പല അവസരങ്ങളിലും അതുപയോഗിക്കേണ്ടയാവശ്യംതന്നെ ഇല്ലെന്നു വന്നേക്കാം. എന്നാൽ വിപ്പിംഗു് ശിക്ഷ നൽകുന്നതിനുള്ള അധികാരം ജയിൽ സൂപ്രണ്ടിനുണ്ടെന്നു് മനസ്സിലാക്കുന്നപക്ഷം അതുകൊണ്ടുതന്നെ ജയിൽപുള്ളികൾ ഗുരുതരമായ കുറ്റങ്ങളും ചെയ്യുന്നതിൽനിന്നും വിരമിക്കുതിനു് ഇടയുണ്ടു്. പ്രത്യേകിച്ചും ഇന്നത്തെ സ്ഥിതിഗതികളിൽ ജയിൽനിയമങ്ങളിൽ എന്തെങ്കിലും വ്യത്യാസം വരുത്തുന്നതു അപകടകരമായിരിക്കുമെന്നാണു എനിക്കു തോന്നുന്നതു്. പൊതുതത്വങ്ങൾ എന്തെല്ലാമായിരുന്നാലും പ്രായോഗികമായി നോക്കുന്നപക്ഷം അത്യാവശ്യം വരുന്ന അവസരങ്ങളിലെങ്കിലും ഉപയോഗിക്കുന്നതിനുവേണ്ടി ഇമ്മാതിരിയുള്ള അധികാരങ്ങൾ ജയിൽ സൂപ്രണ്ടിനുണ്ടായിരിക്കണമെന്നുള്ള വ്യവസ്ഥ എടുത്തുകളയുകയാണെങ്കിൽ ജയിലിൽ അച്ചടക്കം പാലിക്കുന്നതിനു പലപ്പോഴും സാധ്യമല്ലാതെ വന്നേക്കാം. ഞാൻ നേരത്തെ പറഞ്ഞതുപോലെ മറ്റു നിയമങ്ങളിലും ഇതുമാതിരിയുള്ള വ്യവസ്ഥകളും നിലവിലിരിക്കുന്ന സ്ഥിതിക്കു് ഈ ജയിൽ നിയമത്തിൽമാത്രം ഇങ്ങനെയൊരു ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കണമെന്നുള്ളതുകൊണ്ടും ഇന്നത്തെ സ്ഥിതിഗതികളിൽ ഇത്തരം ശിക്ഷകൾ നിലനിറുത്തിക്കൊണ്ടുപോകേണ്ടതു് ആവശ്യമായതുകൊണ്ടും ഞാൻ ഭേദഗതിയെ എതിർക്കുന്നു.

Both the amendments were put and lost.
The question that clauses 47 to 51 stand part of the Bill was put and carried.
Clauses 47 to 51 were added to the Bill.

Sri. K. P. Nilakanta Pillai: I don't move amendment No. 16, Sir. But I invite the attention of the member that the clause 52, is not very clearly worded. Because it says: "In the case of every serious prison-offence, the name of the witnesses proving the offence shall be recorded, and in the case of offences for which whipping is awarded, the Superintendent shall record the substance of the evidence of the witnesses, the defence of the prisoner and the finding with the reasons therefor". The portion which I wanted to delete is, "and in the case of offences for which whipping is awarded, the Superintendent shall record the substance of the evidence of the witnesses". In the case of other offences, the name of the witnesses alone is recorded, and not the contents or evidence. That is the doubt which I feel. It is left to the Treasury Benches to correct it.

ശ്രീ. ടി. കെ. നാരായണ പിള്ള: നിലവിലിരിക്കുന്ന നിയമമനുസരിച്ചാണു് അതു് ചെയ്തിരിക്കുന്നതു്.

The question that clauses 52 to 58 stand part of the Bill was put and carried.
Clauses 52 to 58 were added to the Bill.

Sri. D. Gnanasigamoni: Sir, I move for the omission of sub-clause (1) of clause 59. Sir, 59 (1) says: "defining the acts which shall constitute prison offences". I would only invite the attention of the Hon'ble Chief Minister....

Sri. T. K. Narayana Pillai: I accept that amendment because there is the same provision in clause 46.

The amendment was adopted.

Sri. K. P. Neelakanta Pillai: I move that sub-clause 20 to clause 59 be deleted.

Sir, Clause 59 enables the Government to prescribe the necessary rules under the provisions of this Act. It is also included that Government may under this Clause—under sub-clause 20—prescribe the rules for the selection and appointment of prisoners as officers of prisons. Sir, that is the sub-clause which I wanted to be deleted. Sir, I still hold the view that prisoners in jail should not be made or should not be elected as officers of prisons. Just now, we have been discussing the question of whipping and from our experience—which may be little—we know how punishments are made to be awarded by the Jail Superintendent by reports made by warders or jailors as the case may be. Even ordinary dignified behaviour in the jail may be interpreted as haughty and proud behaviour by the jailor and the warders, who are not—because they have been practically dealing with criminals for a considerable period of time—in touch with cultured idea of men and things. Therefore, even when political prisoners are sent to jail, even reasonable and justifiable dignified behaviour on the part of such prisoners may be resented by the jailor or the warder and based on the report of the jailor or the warder that a particular prisoner misbehaved or acted against the jail discipline, even whipping may be awarded.

Now, this provision enables the Government to prescribe the rules which will enable the prisoners to be made officers of prisons. Therefore, you can imagine the situation. To tell the truth, all these Jail Superintendents and Jailors and Warders are always supported by the convict warders within the jail, without the help of whom it is very difficult to enforce disclpline. Therefore, some hardened prisoners who have been sentenced to life imprisonment for a big case like murder, all these persons are selected as officers of prison from among the prisoners. And discipline is expected to be maintained with the help of these persons within the prisons. That is the view taken by the Superintendent and the others. If that is so, for things which may not deserve notice by the jailor or Superintendent, these officers who are selected from the criminals may make a report to the Superintendent and Jailor. As it is difficult to carry on the administration of discipline without the help of the criminals who are selected as officers of jail; they may listen to the advices given by them and sometimes whipping may also have to be awarded to. To avoid all these difficulties, it is better to have a prison ruled by the prison officers appointed by Government, and not assisted by the officers who are selected or elected or

LIBRARY ARCHIVES Kerala Legislative Assembly

[Sri. K. P. Nilakanta Pillai]

appointed from among the prisoners in the jail. That is a very unwholesome principle for which I wanted sub-clause 20 to be deleted from this clause. It is with that view that I have tabled this amendment. I think it is better not to depend upon the criminals in the jail to keep and maintain discipline in the jail.

Again, it may be argued that in England or in some part of Patagonia some such method is adopted in the year of grace 1950. It is finding a place in the Jail Rules of British India. Sir, I ask, can the Chief Minister give an instance in which a European has been whipped under the Indian Penal Code? The Indian Penal Code has been made and the provisions under the Penal Code are there chiefly to deal with the natives. Therefore, whipping and all those things are there, because our alien masters wanted to keep the people of India under supression. Therefore all such hard and inhuman forms of punishment are placed in the Penal Code.

The House rose for lunch at 1-00 p.m. and re-assembled at 2-00 p.m. with Mr. Speaker in the Chair.

Sri. K. P. Neelakanta Pillai: I was saying that because some such provision is found elsewhere, there is no justification in retaining it here. I may also bring to the notice of the Treasury Benches that to select jail officers from the criminals is not at all good for the jail. Because, we must understand, and we have understood, that the authorities want to have a sort of clique or a spying system established within the jails through these criminals, who are selected as officers. They even act as spies. My question is whether it is for spying and dividing the prisoners through the spying system which the Government is encouraging that the jail authorities are going to have peaceful administration in the jails and keep discipline in the ail. Recently, Sir, it must have come to the notice of the Government that even these selected criminal officers in jail act as fifth column, quisslings. They betray the preparations made by the jail authorities to suppress a reasonable agitation in the jail. There was a time when such things were justifiable. but here after the Government must give up the idea that they must conduct the administration of the jails with the help of these criminals who are selected as officers on whom the jail authorities depend for maintaining discipline in the jail.

Now, I want to bring to the notice of the House one more aspect of the question We have noticed that these criminals who are selected as jail officers sometimes manoeuvre to bring about a situation in the jail so that the jail authorities may be made or indirectly influenced, to depend upon their services. Otherwise, they will be nowhere. Even when things are smooth in the jail, these criminals will manoeuvre in such a way that there will always be some confusion or agitation in the jail. On all these grounds, I am convinced that it is a very wrong step to have them as officers. Whatever may the justification till now, those circumstances are not existing now. Hereafter we must be able to control the jail with the help of civil servants. I am asking the question: is it according to the spirit of the Indian Constitution now, to man the jail with the police? Even the police control over the jails, I will go to the extent of saying that it ought to be removed. The jail must be brought under the control and administration of an Inspector-General of Prisons, who must, for all purposes, be a civil officer rather than a policeman. Therefore, we can aspire for a peaceful and a right kind of administration, especially in the jail, away from those old, rotten police and military methods and allied things which ought to be revised. Let us make at least some attempt in that direction. This Bill is useless for the purpose of effecting any reformation in the administration of the jails. They are simply following, even this responsible Government is simply following—these Ministers and this people's Government—who have some experience of jail life, a wrong attitude. I thought that the shape of this Bill would have been quite different from those old things. But not even an honest attempt has been made to bring the jail administration up to date. They have simply copied certain portions. Even if this amendment is accepted, it is not going to reform the condition of the jails in any way, but at least, let us make an attempt towards this end. Do not allow all the prisoners to control the rest who may compose of communists, graduates, and other degree-holders. The prisoners may have been convicted for murder and other serious offences, and when they are selected as officers of jails and asked to control the others, it is an affront to culture, I should say. It is an attempt to cut at the dignity and respectability of the prison life. Of course, there are persons of dignity and respectability even in the jails. They to be controlled by criminals to be selected, by the Superintendent and other officers of the jail, is a thing which we cannot encourage. So, I place this amendment for the acceptance of the House.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ നാരായണപിള്ള : സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ജയിൽ പരിഷ്കരിക്കേണ്ട ആവശ്യത്തെപ്പറ്റിയും ശ്രീമാൻ നീലകണ്ഠപ്പിള്ള അവർകൾ പറയുകയുണ്ടായി. അങ്ങിനെ ആവശ്യമുണ്ടെന്നു് ഞാനും സമ്മതിക്കുന്നു. എന്നാൽ അതിനെ സംബന്ധിച്ചുള്ള വ്യവസ്ഥ നടപ്പിൽ വരുത്തുന്നതിനുമുമ്പായി ജയിലിലെ ഇന്നത്തെ സ്ഥിതിയെപ്പറ്റി അന്വേഷിച്ചു് വേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനു് ഒരു കമ്മിറ്റിയെ നിയമിക്കേണ്ടതു് ആവശ്യമായിത്തീരുന്നതാണു്. അതിനുമുമ്പു് സമൂലങ്ങളായ പരിവർത്തനങ്ങൾ ഇന്നത്തെ സ്ഥിതിഗതികളിൽ വരുത്തുക സാദ്ധ്യമല്ല. ഇന്നത്തെ ഭേദഗതിയെപ്പറ്റി പറയുകയാണെങ്കിൽ അദ്ദേഹത്തിന്റെ വാദങ്ങൾക്കു് വലിയ അടിസ്ഥാനമുണ്ടെന്നു് തോന്നുന്നില്ല. അദ്ദേഹം പറഞ്ഞതു് ജയിൽ പുള്ളികളെത്തന്നെ ജയിലിലെ ആഫീസറന്മാരായി നിയമിക്കുന്നതു് എല്ലാത്തരത്തിലും ദോഷകരമാണു് എന്നായിരുന്നു. ജയിൽ പുള്ളികളെ കൂടുതൽ മര്യാദക്കാരാക്കുന്നതിനു് ഈ വ്യവസ്ഥ പര്യാപ്തമാകും എന്നുദ്ദേശിച്ചാണു് ഈ വ്യവസ്ഥ കൊണ്ടുവന്നിട്ടുള്ളതു്. അച്ചടക്കമായും മര്യാദയായും പ്രവർത്തിക്കുന്നവർക്കു് എന്തെങ്കിലും പ്രോത്സാഹനം കൊടുക്കുക എന്നുള്ളതു് മാത്രമാണു് ഈ റൂളിന്റെ ഉദ്ദേശം. സാധാരണയായി ക്രമക്കേടുകൾ കാണിക്കുന്ന പുള്ളികളെ അവരുടെ ആവേശ ശ്രമങ്ങളിൽനിന്നും വിരമിപ്പിക്കുന്നതിനു് ഈ റൂൾ സഹായകരമായിരിക്കും എന്നാണു് വിചാരിക്കുവാൻ ഇടയുള്ളതു്. മര്യാദയായി പെരുമാറുന്നവർക്കു് ഉദ്യോഗസ്ഥന്മാർക്കുള്ള ചില അവകാശങ്ങൾ കൊടുത്തുകൊണ്ടു് അവരെ പ്രോത്സാഹിപ്പിക്കുന്നതായാൽ കൂടുതൽ ആളുകളും മര്യാദക്കാരായിത്തീരുന്നതിനു് അതു് സഹായകമായിരിക്കുമെന്നാണു് ഗവണ്മെണ്ടു് വിചാരിക്കുന്നതു്. ഈ വ്യവസ്ഥയിൽ അടങ്ങിയിരിക്കുന്ന ആശയങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിനു് ഉപയുക്തമായ വിധത്തിൽ അദ്ദേഹം പറഞ്ഞതായ ചില വാക്കുകൾ ന്യായീകരിക്കുവാൻ നിവൃത്തിയില്ല. ജയിലിൽ ചെന്നതിനുശേഷം മര്യാദയായി പെരുമാറുന്നവർക്കു് എന്തെങ്കിലും പ്രമോഷൻസു് കിട്ടും എന്ന വിചാരം അവരിൽ ഉണ്ടായാൽ അതു് കൂടുതൽ മര്യാദയായി പെരുമാറുന്നതിനു് അവരെ പ്രോത്സാഹിപ്പിക്കുന്നതായിരിക്കും.

Sri. K. P. Nilakanta Pillai: As if criminals go there for getting promotion !

ശ്രീ. ടി. കെ. നാരായണപിള്ള : ജയിൽ റൂൾസു് ശരിക്കു് പാലിക്കുന്നതിനു് അതു് സഹായകമായിരിക്കും. ഇതിൽ ഫീഫ്ത്തുകാളം, ക്ലാസിലിംഗു് എന്നുള്ളതായ പദപ്രയോഗത്തിന്റെ സാംഗത്യമെന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഏതായാലും ജയിൽ പുള്ളികളെ മര്യാദക്കാരാക്കുന്നതിനു് അവർക്കു് ഒരു പ്രോത്സാഹനമാകുന്നതിനുവേണ്ടിയാണു് ഗവണ്മെണ്ടു് ഈ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. അതുകൊണ്ടു് ഈ ഭേദഗതി സ്വീകരിക്കുവാൻ നിവൃത്തിയില്ലാതെ വന്നതിൽ ഞാൻ ഖേദിക്കുന്നു.

The amendmet was put and lost.

The question that clauses 59 to 61 stand part of the Bill was put and carried.

Clauses 59 to 61 were added to the Bill.

The question that the preamble stand part of the Bill was put and carried.

The preamble was added to the Bill.

The question that the title stand part of the Bill was put and carried.

The title was added to the Bill.

Sri. T. K. Narayana Pillai: The third reading may be had tomorrow.

The third reading was accordingly postponed.

The Travancore-Cochin Identification of Prisoners Bill

Sri. T. K. Narayana Pillai: I move that the [United State of Travancore and Cochin identification of prisoners Bill, as reported by the Select Committee, be taken into consideration.

Sri. A. J. John: I second the motion.

The motion was put and carried.

Sri. T. K. Narayana Pillai: I move;

In sub-clause (1) of clause 1, for the words "United State of Travancore and Cochin" substitute the word "Travancore-Cochin".

The amendment was put and carried.

LIBRARY ARCHIVES Kerala Legislative Assembly